20

# നല്ല ഇടയൻ

## (10:1- 21)

ഒരു പക്ഷെ ദൈവത്തെക്കുറിച്ചുള്ള ഏറ്റവും നല്ല ചിത്രമായി മനസ്സിൽ കൊണ്ടുനടക്കാൻ ഇഷ്ടപ്പെടുന്നതു നല്ല ഇടയൻ എന്ന ചിത്രമായിരിക്കും. അതു സുരക്ഷിതത്വം, കരുതൽ, വാത്സല്യം, ത്യാഗം എന്നിവയുടെ രൂപമാണ്. നാം ആടുകളായും ദൈവം പ്രത്യേകിച്ചു ഒരിടയനായും താരതമ്യം ചെയ്യുന്നതാണ് ഇത്. ഉദാഹരണമായി, ആളുകൾക്കു കാഴ്ച്ച ശക്തി കുറവാണ്, ദിശാബോധവും കുറവാണ്. ശത്രുക്കളുടെ ആക്രമണത്തെ പ്രതിരോധിക്കുവാൻ കാര്യമായ കഴിവുമില്ല. അവയെ ഭയപ്പെടുത്തിയാൽ അവ കാൽ താഴേക്കു മടക്കിയിരിക്കും. ആടുകൾ പലപ്പോഴും കാണപ്പെടുന്നതു വളരെ ലാഘവത്തോടെയാണ്. ആടുകൾ പറമ്പിലാണെങ്കിൽ, ഒരു ആട് എന്തെങ്കിലും തടസമുണ്ടെന്ന തോന്നലിൽ ചാടുകയാണെങ്കിൽ മറ്റെല്ലാ ആടുകളും അവിടെ ഒന്നുമില്ലെങ്കിലും ചാടിക്കൊണ്ടിരിക്കും. ആടുകൾ ദാഹിച്ചു വലയാതെ ഇടയന്മാർ അവയെ പുല്പുറങ്ങളിൽ വെള്ളം കുടിപ്പിക്കുവാൻ കൊണ്ടുപോകും. ആടുകൾക്കു സഹായം വേണ്ടതു പോലെ, നമുക്കും ആവശ്യമാണ്!

**"ഇടയൻ,"** എന്നതു എല്ലായ്പ്പോഴും ക്രിയാത്മക ആശയമല്ല നല്കുന്നത്. ചില സംസ്ക്കാരങ്ങളിൽ ഇടയന്മാർ ദുഷ്കീർത്തിയും, മദ്യപന്മാരും നിരുത്തരവാദികളുമാണ്. **"അപ്പൻ"** എന്ന വാക്കിനു നല്ല ഗുണമുള്ളവരും ഉണ്ട്, അതിനു എതിരായ സ്വഭാവങ്ങൾ ഉള്ളവരും ഉണ്ട്, അതുകൊണ്ട് **"ഇടയൻ"** ഉത്തമമായും ലജ്ജാകരമായും തീരാം. കരുതുന്ന ഇടയനു നല്ലൊരു ഉദാഹരണമാണ് സങ്കീർത്തനങ്ങൾ 23-ലെ ദൈവത്തെക്കുറിച്ചുള്ള ചിത്രം. അതിനെതിരായിട്ടുള്ള ദുഷ്ട ഇടയന്മാരുടെ ലക്ഷണങ്ങൾ രണ്ടു പഴയ നിയമ പ്രവാചകന്മാർ പറയുന്നുണ്ട്:

> വയലിലെ സകല മൃഗങ്ങളും കാട്ടിലെ സകല മൃഗങ്ങളും ആയുള്ളോവേ, വന്നു തിന്നുകൊൾവിൻ, അവന്റെ കാവൽക്കാർ കുരുടന്മാർ; അവർ എല്ലാവരും പരിജ്ഞാനമില്ലാത്തവർ അവരെല്ലാവരും കുരെപ്പാൻ വഹിയാത്ത ഊമനായ്ക്കൾ തന്നേ; അവർ നിദ്രാപ്രിയന്മാരായി സ്വപ്നം കണ്ടു കിടന്നുറങ്ങുന്നു; ഈ നായ്ക്കൾ ഒരിക്കലും തൃപ്തിപ്പെടാത്ത കൊതിയന്മാർ തന്നേ, ഈ ഇടയന്മാരോ സൂക്ഷി

> പ്പാൻ അറിയാത്തവർ; അവർ എല്ലാവരും ഒട്ടൊഴിയാതെ താന്താന്റെ വഴിക്കും ഓരോരുത്തൻ താന്താന്റെ ലാഭത്തിന്നും തിരിഞ്ഞിരിക്കുന്നു. "വരുവിൻ," "ഞാൻ പോയി വീഞ്ഞു കൊണ്ടുവരാം, നമുക്കു കുടിക്കാം; ഇന്നത്തേപോലെ തന്നേ നാളെയും ലോകത്തിൽ എന്നു അവർ പറയും" (യെശയ്യാവു 56:9-12).
>
> "എന്റെ മേച്ചിൽപ്പുറത്തെ ആടുകളെ നശിപ്പിക്കയും ചിതറിക്കയും ചെയ്യുന്ന ഇടയന്മാർക്കു അയ്യോ കഷ്ടം!" എന്നു യഹോവയുടെ അരുളപ്പാട്. അതുകൊണ്ടു തന്റെ ജനത്തെ മേയിക്കുന്ന ഇടയന്മാരെക്കുറിച്ചു യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "നിങ്ങൾ എന്റെ ആട്ടിൻകൂട്ടത്തെ സൂക്ഷിക്കാതെ അവയെ ചിതറിച്ചു ഓടിച്ചു കളഞ്ഞിരിക്കുന്നു; ഇതാ ഞാൻ നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെക്കുറിച്ചു നിങ്ങളോടു ചോദിക്കും," എന്നു യഹോവയുടെ അരുളപ്പാട്. "എന്റെ ആട്ടിൻകൂട്ടത്തിൽ ശേഷിച്ചിരിക്കുന്നവയെ ഞാൻ അവയെ നീക്കിക്കളഞ്ഞിരിക്കുന്ന സകല ദേശങ്ങളിൽ നിന്നും ശേഖരിച്ചു അവയുടെ പുല്പുറങ്ങളിലേക്കു വീണ്ടും കൊണ്ടുവരും; അവ വർദ്ധിച്ചു പെരുകും. അവയെ മേയ്ക്കേണ്ടതിന്നു ഞാൻ ഇടയന്മാരെ നിയമിക്കും; അവ ഇനി പേടിക്കയില്ല, ഭ്രമിക്കയില്ല, കാണാതെ പോകയുമില്ല," എന്നു യഹോവയുടെ അരുളപ്പാട് (യിരെമ്യാവു 23:1-4).

യോഹന്നാൻ 10 പൊതുവിൽ "നല്ല ഇടയന്റെ അദ്ധ്യായം" എന്നാണ് അറിയപ്പെടുന്നതു. യേശു മുടന്തനെ സൗഖ്യമാക്കുകയും തന്റെ എതിരാളികൾ ആത്മീയ അന്ധതയിലാണെന്നു പറയുകയും ചെയ്ത ഉടനെയാണ് ആ അദ്ധ്യായം തുടങ്ങുന്നത്. യോഹന്നാന്റെ യേശുവിനെക്കുറിച്ചുള്ള വിവരണമായി ഈ സുവിശേഷത്തിൽ അവന്റെ അവസാന പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നു. അന്ധതയിൽ നിന്നു വിഷയം ആടിലേക്കു മാറുന്നു, പക്ഷേ സന്ദേശം ഒന്നുതന്നെ: യേശു വാസ്തവത്തിൽ ദൈവപുത്രൻ ആണെന്നും സത്യസന്ധരും മൃദുലഹൃദയരും അവനെ കൈക്കൊള്ളുമെന്നും പറഞ്ഞു. നമ്മുടെ ഈ പാഠത്തിലെ വേദഭാഗ സന്ദേശം യേശുവിന്റെ രണ്ടു "ഞാൻ" എന്ന അവകാശമാണ്.

### "ഞാൻ വാതിൽ ആകുന്നു" (10:1-10)

ആട്ടിൻ കൂട്ടത്തെ ഉപയോഗിച്ചുകൊണ്ടു, ഇടയന്മാരെയും ആടുകളെയും ഉപമിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിക്കുന്നത് (10:1-5). ചിലപ്പോൾ രാത്രിയിൽ ആടുകളെ കല്ലും മുള്ളും കൊണ്ടുനിർമ്മിച്ച കൂട്ടിലേക്കുകൊണ്ടുവരും. ഇങ്ങനെ ആടുകളെ ഒന്നിച്ചു ചേർക്കുന്നതു ആടുകളെ വന്യമൃഗങ്ങളിൽ നിന്നും കള്ളന്മാരിൽ നിന്നും സംരക്ഷിക്കുന്നതിനാണ്. നല്ല ഇടയൻ തന്റെ ആടുകൾക്കായി വാതിലൂടെ പ്രവേശിക്കുന്നതെങ്ങനെ എന്നു യേശു തന്റെ കേൾവിക്കാരെ ഓർപ്പിച്ചു. അവൻ തന്റെ ആടുകളെ പേർ ചൊല്ലിവിളിക്കും; ആടുകൾ സ്വയമായി അവനെ അനുഗമിക്കും. നേരെ മറിച്ചു, കള്ളൻ, വേറെ വഴിയായി മതിൽ ചാടി

കടന്നു ആടുകളെ കവർന്നു കളയും. യേശു പറഞ്ഞതു, താൻ വന്നതു ദൈവജനത്തെ വഞ്ചിക്കുന്നതിനോ കബളിപ്പിക്കുന്നതിനോ അല്ല എന്നാണ്. മറിച്ച്, അവൻ വന്നതു വാതിലൂടെ തുറന്നു പരസ്യമായി സംസാരിക്കുകയും അനുഗമിക്കുന്നവരെ ചേർക്കുകയും ചെയ്യുന്നു. എങ്ങനെയായാലും, യേശുവിന്റെ കേൾവിക്കാർക്കു അതു അപ്പോൾ മനസ്സിലായില്ല (10:6).

യേശു വീണ്ടും പറഞ്ഞു, "ആടുകളുടെ വാതിൽ ഞാൻ ആകുന്നു" (10:7). മറ്റുള്ളവരും ഇടയന്മാർ എന്നു അവകാശപ്പെട്ടേക്കാം, എന്നാൽ അവർ കള്ളന്മാരും കവർച്ചക്കാരുമാണ്. കള്ള ഇടയന്മാരുടെ ശബ്ദം ശരിയായ ആളുകൾ കേൾക്കുകയില്ല, ദൈവത്തിലേക്കുള്ള ഏക വാതിൽ ഞാൻ മാത്രമാണെന്നു യേശു വ്യക്തമാക്കി. ഇതു പിന്നീട് അവൻ പറഞ്ഞ പ്രസ്താവനയോടു ഒക്കുന്നു "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). "ഞാൻ വാതിൽ ആകുന്നു" എന്നതു പിതാവിങ്കലേക്കുള്ള ഏകവഴിയാണ് വ്യക്തമാക്കുന്നത്. വേറെ വഴിയായി കടക്കുവാൻ ശ്രമിക്കുന്നവർ കള്ളന്മാരും കവർച്ചക്കാരും ആണ്. ബാർബർ ഷോപ്പിൽ ജോലി ചെയ്തിരുന്ന ഒരു ചെറുപ്പ - ക്കാരനെ ഓർമ്മ വരുന്നു, അവന്റെ ജോലി, ഷൂപോളിഷ് ചെയ്യുകയും തറ തൂത്തു തുടയ്ക്കുകയും ആയിരുന്നു. കുറെ കഴിഞ്ഞപ്പോൾ ആ കടയിൽ സോഫ്ട് ഡ്രിങ്ക്സിന്റെ മിഷ്യനിൽ ധാരാളം പൈസ വീഴുന്നതു അവൻ ശ്രദ്ധിച്ചു, ആ പണം എങ്ങനെ മോഷ്ടിക്കാമെന്നു അവൻ പദ്ധതി തയാറാക്കി. ഒരു അർദ്ധരാത്രി കഴിഞ്ഞ് അവൻ ബാർബർ ഷോപ്പിൽ മടങ്ങിവന്നു മേൽക്കൂരയിലെ ഒരു ദ്വാരത്തിൽ കയറി. പ്രശ്നമായതു അവൻ ആ ദ്വാരത്തിൽ ഉടക്കിയിരുന്നു. പോലീസ് അവനെ കണ്ടപ്പോൾ, അവൻ തന്നെ രക്ഷിക്കണമെന്നു കേണപേക്ഷിക്കുകയും അവൻ തെറ്റൊന്നും ചെയ്തില്ല എന്നു പറയുകയും ചെയ്തു! എങ്ങനെയായാലും, അവൻ പറഞ്ഞതു ആരും വിശ്വസിച്ചില്ല! ഒന്നും മറച്ചുവെക്കാനില്ലാത്തവർ മേൽക്കൂരയിൽ കയറേണ്ട ആവശ്യമില്ലല്ലോ; അവർ വാതിലിൽകൂടെ പ്രവേശിക്കും. ഇതാണ് വാസ്തവത്തിൽ യേശു ദുരുപദേഷ്ടാക്കന്മാരെ കുറിച്ചു പറഞ്ഞത്.

മതത്തിന്റെ "രഹസ്യമായ ചില വസ്തുതകൾ" എന്തെന്നാൽ അവരടെ മതാദ്ധ്യക്ഷന്മാർ വാസ്തവത്തിൽ ദൈവിക കാര്യങ്ങളിൽ താല്പര്യമുള്ളവരല്ല. ചിലർ സഭയുമായുള്ള - ബന്ധത്തിൽ കാര്യങ്ങൾ ചെയ്യുന്നതു അവരുടെ പണത്തോടുള്ള മോഹം, സ്ഥാനം, അധികാരം എന്നിവ കരുതിയാണ്. ഓരോ സമയത്തും ഒരു ആരോപണം പുറത്തുവരുമ്പോൾ, ഒരു സഭാദ്ധ്യക്ഷൻ അതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നു കേൾക്കുമ്പോൾ നാം ഞെട്ടിപ്പോകും. കള്ളന്മാരും കവർച്ചക്കാരും ആളുകളെ കവർന്നുകളയും എന്നു പറഞ്ഞതിൽ അതിശയിക്കുവാനില്ല. താൻ തന്നെയാണ് വാസ്തവത്തിലുള്ള ഇടയനും ആടുകളുടെ ക്ഷേമത്തെ കരുതുന്നവനും എന്നു അവനു അറിയാമായിരുന്നു. "ഞാൻ വന്നതു," അവൻ പറഞ്ഞു, "അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായി ഉണ്ടാകുവാനും അത്രേ" (10:10).

യേശു വാതിലിലൂടെ കടക്കുന്നവനായിട്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം കാണുന്നത്. അവന്റെ പരസ്യശുശ്രൂഷയിൽ കൃത്രിമമോ, സൂത്രമോ, വഞ്ചനയോ, സ്വാർത്ഥ - താല്പര്യമോ ഉണ്ടായിരുന്നില്ല. അവന്റെ വാക്കുകൾ വലിയ വിവാദം ഉയർത്തിയെങ്കിലും, യേശു "വാതിലൂടെ" കടക്കുവാൻ ശഠിച്ചു. ലോകത്തിൽ ശേഷമുള്ളവൻ എന്തു ചെയ്താലും ഹൃദയം ദൈവത്തിലേക്കു തിരിച്ചവർ അവന്റെ ശബ്ദം കേട്ടു പ്രതികരിക്കും.

ഒന്നാം ലോകമഹായുദ്ധത്തിൽ, വിശന്ന ഒരു കൂട്ടം തുർക്കി പടയാളികൾ യെരുശലെമിൽ പാളയം അടിച്ചപ്പോൾ, ഒരു കൂട്ടം ആടുകളെ കണ്ടു. അവർ ഈ ആട്ടിൻ കൂട്ടത്തെ അവരുടെ പാളയത്തിലേക്കു തെളിച്ചുകൊണ്ടുപോകാൻ തുടങ്ങി, തങ്ങൾക്കു ഇതു നല്ലൊരു വിരുന്നായിരിക്കും എന്നവർ കരുതി. ഇതു കണ്ട സാധുവായ ഇടയൻ അവരോടു എതിർക്കുവാൻ തന്റെ കയ്യിൽ ആയുധം ഒന്നും ഇല്ലാത്തതിനാൽ, അവൻ എതിർ ദിശയിലുള്ള ഒരു മലയിടുക്കുവഴി ഓടി അടുത്തുള്ള മലയിലേക്ക് അതിവേഗം കയറി. അവന്റെ കൈകൾ വായിൽ കൂപ്പി പിടിച്ച് അത്യുച്ചത്തിൽ സാധാരണ ആടുകളെ വിളിക്കുന്ന സ്വരത്തിൽ വിളിച്ചു. ഉടനെ ആ ആടുകളെല്ലാം പടയാളികളെ വെട്ടിച്ചു അവരുടെ ഇടയന്റെ ശബ്ദം കേട്ട ദിക്കിലേക്കു ഓടി. പടയാളികൾ അതിശയിച്ചു. അവരുടെ "വിരുന്നു" ഇരുട്ടിൽ മറയുന്നത് തടയാൻ കഴിഞ്ഞില്ല.[1]

യേശുവിനു തന്റെ ആടുകളോടുള്ള ബന്ധം ഇതാണ്! അവന്റെ ആടുകൾ ഇപ്പോഴും അവന്റെ ശബ്ദം കേൾക്കും. ദൈവത്തെ വാസ്തവത്തിൽ അന്വേഷിക്കുന്നവർ അവന്റെ വിളി തിരിച്ചറിഞ്ഞ് അവന്റെ ശബ്ദം കേട്ടു അവനെ കണ്ടെത്തും. അവർക്കു അവൻ ജീവൻ സമൃദ്ധമായി നല്കും. യോഹന്നാന്റെ സുവിശേഷത്തിലെ ശ്രദ്ധാകേന്ദ്രമാണ് "ജീവൻ" (20:31). അതു നാം പലപ്പോഴും പിൻപറ്റുന്ന "നല്ല ജീവനോ" "എളുപ്പമുള്ള ജീവനോ" അല്ല. അതു അവന്റെ ശബ്ദം കേട്ടു അവന്റെ അടുക്കൽ ചെല്ലുന്നവർക്കു യേശു നല്കുന്ന ജീവൻ ആണ്.

### "ഞാൻ നല്ല ഇടയൻ ആകുന്നു"
### (10:11-18)

ഞാൻ വാതിലാണെന്നു മുൻപു പറഞ്ഞതുമായി നോക്കിയാൽ, "ഞാൻ നല്ല ഇടയനാകുന്നു" എന്നതു അല്പം വ്യത്യാസം ഉണ്ടാക്കുന്നു (10:11). മുൻപു പറഞ്ഞതുപോലെ, "ഇടയൻ" എന്ന വാക്കിനു വ്യത്യസ്തമായ അർത്ഥങ്ങൾ ഉണ്ട്. ഈ സന്ദർഭത്തിൽ, യേശുവിന്റെ മനസ്സിൽ പ്രത്യേക അർത്ഥമാണുള്ളത്: "നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (10:11). യോഹന്നാന്റെ സുവിശേഷത്തിൽ പിന്നെയും ഒൻപതു അദ്ധ്യായങ്ങൾ കഴിയുന്നതുവരെ അവന്റെ മരണത്തെക്കുറിച്ചു പറയുന്നില്ലെങ്കിലും, യേശു തന്റെ ശിഷ്യന്മാരോടു ക്രൂശിന്റെ അർത്ഥമെന്തെന്നു പറഞ്ഞു. നല്ല ഇടയനായ യേശു ആടുകൾക്കുവേണ്ടി തന്റെ ജീവൻ വെച്ചുകൊടുക്കുവാൻ തയ്യാറായി. തന്റെ മരണം അവന്റെ നിയന്ത്രണത്തിനു പുറത്തല്ല എന്നു ഈ ചുരുങ്ങിയ

ഭാഗത്ത്, അവൻ അഞ്ചുപ്രാവശ്യം ഊന്നിപറയുന്നു. അവൻ മരിച്ച പ്പോൾ, അവൻ തന്റെ ജീവൻ വെച്ചുകൊടുത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്!

> "... നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (10:11).
>
> "... ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു" (10:15).
>
> "... ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ ജീവനെ കൊടു ക്കുന്നു" (10:17).
>
> "ആരും എന്നോടു അതിനെ എടുത്തു കളകയില്ല, ഞാൻ തന്നെ അതിനെ കൊടുക്കുന്നു" (10:18).
>
> "അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്, വീണ്ടും പ്രാപി പ്പാനും അധികാരം ഉണ്ട്" (10:18).

നല്ല ഇടയന്റെ അന്തിമലക്ഷ്യം ആടുകൾക്കു വേണ്ടി ജീവനെ കൊടുക്കുന്നതാണ്. കൂലിക്കാരനായ ഇടയൻ ഈ ഭക്തിയും ത്യാഗവും കാണിക്കുകയില്ല. കുഴപ്പം നേരിടുമ്പോൾ, അവർ ഓടി ഒളിക്കും, ആടു കളെ മറക്കും.

ദാവീദ് (പിന്നീട് യിസ്രായേലിന്റെ രാജാവായിത്തീർന്നു) യുവാ വായിരുന്നപ്പോൾ ആട്ടിടയൻ ആയിരുന്നു. ആ സമയത്ത് അവൻ ജീവി തത്തെക്കുറിച്ചും, നായകത്വത്തെക്കുറിച്ചും, ദൈവത്തെക്കുറിച്ചും വളരെ പഠിച്ചു. പ്രത്യേകിച്ചു നല്ല ഇടയൻ ആകുക എന്നാൽ എന്താണെന്നു പഠിച്ചു. ഫെലിസ്ത്യനായിരുന്ന ആജാനുബാഹുവായ ഗോല്യാത്തി നോടു പോരാടുവാൻ പറഞ്ഞപ്പോൾ അവൻ ശൗലിനോടു പറഞ്ഞു,

> അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്നു കൂട്ടത്തിൽ നിന്നു ആട്ടിൻ കുട്ടിയെ പിടിച്ചു, ഞാൻ പിന്തുടർന്നു അതിനെ അടിച്ചു അതിന്റെ വായിൽ നിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു; അതു എന്റെ നേരെ വന്നപ്പോൾ ഞാൻ അതിനെ താടിക്കു പിടിച്ചു അടിച്ചുകൊ ന്നു. ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു; ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ടു അവനും അവയിൽ ഒന്നിലെ പോലെ ആകും ... (1 ശമുവേൽ 17:34-36).

ഭാവിയിലെ യിസ്രായേൽ രാജാവു തന്റെ ആടുകളോടു വിശ്വസ്ത നായ നല്ല ഇടയൻ ആണെന്നു തെളിയിച്ചിരിക്കുന്നു; അവൻ പിന്നീട് ദൈവജന ത്തിന്മേൽ വിശ്വസ്തനായ ഇടയൻ ആയിതീരുകയും ചെയ്യുന്നു.

യേശുവിനെ, പലപ്പോഴും സുവിശേഷങ്ങളിൽ, നല്ല ഇടയൻ ആയി രുന്ന, ആക്കുന്ന "ദാവീദിന്റെ സന്തതി" എന്നു വിളിച്ചിട്ടുണ്ട്. ദാവീദ് തന്റെ ആടുകളെകരുതിയതുപോലെ കരുതേണ്ടതിന്നു യേശു അവന്റെ

കരുതലിലുള്ള (നിങ്ങൾക്കും എനിക്കും വേണ്ടി) ജീവനെ വെച്ചു കൊടുത്തു. ഞാൻ "സ്വയമായിട്ടാണ്" ക്രൂശിലേക്കു പോകുന്നതു എന്നു യേശു വ്യക്തമാക്കി (10:18). യേശുവിനെ ക്രൂശിൽ തറെക്കുന്നതിനു യൂദായ്ക്കും, മഹാപുരോഹിതന്മാർക്കും, പിലാത്തോസിനും പങ്കുണ്ടായിരുന്നുവെങ്കിലും, യേശു സ്വയമായി ആടുകൾക്കുവേണ്ടി തന്റെ ജീവൻവെച്ചുകൊടുത്തതുകൊണ്ടാണ് അത്തരം മൃഗീയപ്രവൃത്തി നടന്നതെന്നു അവർ തിരിച്ചറിഞ്ഞില്ല. അവൻ നല്ല ഇടയൻ ആണ്!

നല്ല ഇടയൻ എന്ന തന്റെ പ്രസംഗത്തിൽ യേശു പറഞ്ഞതു പിന്നീടു യോഹന്നാന്റെ സുവിശേഷത്തിലെ രണ്ടു പ്രസ്താവനകൾ ഓർപ്പിക്കുന്നു. യേശുവിനെ വിചാരണ ചെയ്യുന്ന സമയത്ത് റോമൻ നാടുവാഴി ആയിരുന്ന പിലാത്തൊസ് യേശുവിനോടു ഒരു ചോദ്യം ചോദിച്ചു. അതിനു അവൻ മറുപടി പറയാതിരുന്നപ്പോൾ, പിലാത്തൊസ് ചോദിച്ചു, "നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരം ഉണ്ടെന്നും നീ അറിയുന്നില്ലയോ?" (19:10). നല്ല ഇടയനായ, യേശു പറഞ്ഞു, "മേലിൽ നിന്നു നിനക്കു കിട്ടിയില്ല എങ്കിൽ എന്റെ മേൽ നിനക്കു ഒരധികാരവും ഉണ്ടാകയില്ല; ..." (19:11). ആരും അതു മനസ്സിലാക്കിയില്ലെങ്കിലും, യേശു അനുവദിച്ചില്ലായിരുന്നുവെങ്കിൽ പിലാത്തൊസിനും അവനെ ക്രൂശിൽ തറെക്കുവാൻ കഴിയുമായിരുന്നില്ല. ക്രൂശീകരണം വാസ്തവത്തിൽ നല്ല ഇടയന്റെ സ്നേഹപൂർവ്വമുള്ള ത്യാഗം ആയിരുന്നു ക്രൂശീകരണം! അവസാനം, യേശു ക്രൂശിൽ തൂങ്ങിക്കൊണ്ട്, "തലചായ്ച്ച്, പ്രാണനെ ഏൽപ്പിച്ചുകൊടുത്തു" (19:30). യോഹന്നാന്റെ വാക്ക് യാദൃശ്ചികമായിരുന്നില്ല. യേശുവിന്റെ ജീവൻ ആരും അവനിൽനിന്ന് പിടിച്ചെടുത്തില്ല. ആരും അവനെ കൊന്നില്ല. ആരും അവനെ സൂത്രത്തിലോ കൗശലത്തിലോ അങ്ങനെയാക്കിയതല്ല. അവൻ തന്റെ ആത്മാവിനെ സ്വയമായി *ഏൽപ്പിച്ചുകൊടുത്തു.*

**ഉപസംഹാരം (10:19, 20)**

വീണ്ടും, യേശുവിന്റെ മനോഹര വാക്കുകൾ ജനങ്ങൾക്കിടയിൽ ഭിന്നത വരുത്തി. ചിലർ അവനിൽ ഭൂതം ഉണ്ടെന്നുപറഞ്ഞു, അവനെ തരംതാഴ്ത്തി, അത് ആരെയെങ്കിലും "വട്ട്" ഉണ്ട് അല്ലെങ്കിൽ "മാനസികമായ കുഴപ്പം" ഉണ്ട് എന്ന് പറയുന്നതുപോലെയാണ്. എങ്ങനെയായാലും, മറ്റു ചിലർ, അവന്റെ അത്ഭുതമായ കുരുടന്റെ കണ്ണുതുറന്നതിൽ അതിശയിച്ചു. അത്തരം അത്ഭുതകരമായ പ്രവൃത്തി ഒരു ഭൂതത്തിന് ചെയ്യുവാൻ കഴിയുന്നതല്ല എന്നവർ വിശ്വസിച്ചു. യേശു തന്റെ എല്ലാ ആടുകളെയും സ്നേഹിക്കുന്നുണ്ടെങ്കിലും, അവയിൽ ചിലത് അവനെ സ്നേഹിക്കയും മറ്റു ചിലത് അവനെ വെറുക്കുകയും ചെയ്തു. അവരുടെ പ്രതികരണം നമ്മെ ഓർപ്പിക്കുന്നത് യേശു നമ്മോടു പിൻപറ്റുവാൻ പറയുകയും, എന്നാൽ തീരുമാനം നമുക്ക് വിട്ടുതരികയും ചെയ്യുന്നു എന്നാണ്.

യേശു നല്ല ഇടയനാകുന്നു. അവന്റെ ആടുകൾ അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കും. ഇന്നു അവനൊരു മലമുകളിൽനിന്ന്

നിങ്ങളുടെ പേർ വിളിക്കുന്നു. നിങ്ങൾ കേൾക്കുന്നുണ്ടോ? അവന്റെ ശബ്ദം നിങ്ങൾ തിരിച്ചറിയുന്നുണ്ടോ? നിങ്ങൾ അവനെ അനുസരിക്കുമോ? ഓർക്കുക, അവൻ തന്റെ ജീവനെ നിങ്ങൾക്കുവേണ്ടി വെച്ചുകൊടുത്തു!

---

കുറിപ്പുകൾ

[1]മൈക്കൽ ഗ്രീൻ, ഇല്ലസ്ട്രേഷൻസ് ഫോർ ബിബ്ളിക്കൽ പ്രീച്ചിംഗ് (ഗ്രാൻഡ് റാപിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1982), 420.

---

### *"ഉപമ"* (10:6)

"ഉപമ" ഗ്രീക്ക് വാക്കായ *പാരാബോളേ*യിൽ നിന്നാണ് വരുന്നത്, അതിന്റെ അർത്ഥം "വശത്തുവയ്ക്കുക," ഒരു താരതമ്യമാണ് അത്. പുതിയ നിമയത്തിൽ ഈ വാക്ക് അൻപതുപ്രാവശ്യം വരുന്നുണ്ട് - എന്നാൽ അവയിൽ രണ്ടെണ്ണം സംക്ഷിപ്ത സുവിശേഷങ്ങളിൽ വരുന്നു (മറ്റുള്ളവ എബ്രായ പുസ്തകത്തിലും).

ആ വാക്ക് യോഹന്നാന്റെ സുവിശേഷത്തിൽ വരുന്നില്ല, അതുകൊണ്ട് "ഉപമ" ഇംഗ്ലീഷിൽ കാണുകയില്ല. 10:6 ലെ ഗ്രീക്ക് വാക്ക് *പരേയീമിയ* എന്നാണ്. 2 പത്രൊസ് 2:22-ൽ അതിന്റെ അർത്ഥം "പഴഞ്ചൊല്ല്," അർത്ഥം പുരാതന ഗ്രീക്ക് സാഹിത്യത്തിലെ പൊതു പ്രസ്താവന. ആ വേദഭാഗത്തിൽനിന്ന് പുറമെ, (പുതിയ നിയമത്തിൽ) യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണുള്ളത് (10:6; 16:25, 29). ഇവിടെ അതിന്റെ അർത്ഥം "'ഒളിഞ്ഞുകിടക്കുന്ന മർമ്മ പ്രസ്താവന,' അത് വ്യാഖ്യാനത്തിന് ആവശ്യമായതാണ്."[1] യോഹന്നാൻ 10:1–5 നമുക്കുള്ളത് ഒരു "ഉപമ" അല്ല (കെജെവി), എന്നാൽ ഒരു സാദൃശമാണ്. *പരോയിമിയ* എന്ന വാക്ക് ശരിയായി തർജ്ജിമ ചെയ്തത് "അലങ്കാര ഭാഷ" ആയിട്ടാണ് (എൻഎഎസ്ബി, എൻഐവി). യോഹന്നാന്റെ സുവിശേഷത്തിൽ ഉപമകളില്ല എന്നത് പൊതുവിൽ അംഗീകരിക്കപ്പെടുന്നതാണ്.

*പുതിയ നിയമത്തിലെ വാക്യാർത്ഥങ്ങൾ, വാല്യം 2*
റാൽഫ് ഏർലി

---

കുറിപ്പുകൾ

[1]ഫ്രെഡ്റിച്ച് ഹോക്ക്, *"പരോയിമിയ,"* ഇൻ *തിയോളജിക്കൽ ഡിക്ഷണറി ഓഫ ദ ന്യൂ ടെസ്റ്റമെന്റ്,* ഇഡി. ഗെറാർഡ് ഫ്രെഡ്റിച്ച്, ട്രാൻസ്. ആന്റ് എഡ്. ജിയോഫ്രി ഡബ്ല്യൂ. ബ്രോമിലീ (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം. ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1967), 5:856.


© 2009 Truth for Today